## പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2007 | 17.03.2015 ന് മറുപടിയ്ക്ക്

## ചൊക്കനക്കാരിക്കടവ് ട്രൈബൽ കോളനി റോഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **പ്രൊഫ. സി. രവീന്ദ്രനാഥ്** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) | ചൊക്കനക്കാരിക്കടവ് ട്രൈബൽ കോളനി റോഡ് നന്നാക്കുന്നതിനായി നിരവധി തവണ നിവേദനം നൽകിയിട്ടും വനം വകുപ്പിന്റെ അനുമതി ലഭിക്കാതെ പണി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വനം വകുപ്പ് അനുമതി നൽകാൻ എന്തെങ്കിലും തടസ്സം ഇപ്പോൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ തടസ്സം എന്താണ്; വിശദമാക്കാമോ; | (ബി) | 2006 ലെ വനാവകാശ നിയമത്തിലെ നിബന്ധനകൾക്ക് അനുസൃതമായി യൂസർ ഏജൻസിയായ മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും എസ്റ്റിമേറ്റിന്റെ പകർപ്പ് സമർപ്പിച്ചിട്ടുണ്ടായിരുന്നില്ല. ആയത് ലഭ്യമാക്കാൻ യൂസർ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ചൊക്കനക്കാരിക്കടവ് റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് വനം വകുപ്പ് എന്ന് അനുമതി നൽകും; വ്യക്തമാക്കാമോ? | (സി) | യൂസർ ഏജൻസിയായ മറ്റത്തൂർ ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റിന്റെ പകർപ്പ് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

A Hittal

സെക്ഷൻ ഓഫീസർ